# Deepika

## 12 August 2018

## Paravoor, After Flood, Relief Camps



# പറവൂർ താലൂക്കിലെ നാലു ദുരിതാശ്വാസ ക്യാമ്പുകൾ നിർത്തി

**പറവൂർ:** ചെറുതോണി, ഇടമലയാർ അണക്കെട്ടുകൾ തുറന്നപ്പോഴുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്നു താലൂക്കിൽ ആരംഭിച്ച 48 ദുരിതാശ്വാസ ക്യാമ്പുകളിൽ നാലെണ്ണം നിർത്തലാക്കി. വെള്ളത്തിന്റെ തോതു പലയിടത്തും കുറഞ്ഞതിനെത്തുടർന്നാണു ക്യാമ്പുകളുടെ എണ്ണം കുറച്ചത്. മാഞ്ഞാലി എഐയുപിഎസ്, കൊട്ടുവള്ളിക്കാട് എച്ച്എംവൈഎസ്എച്ച്എസ്എസ്, പെരുമ്പടന്ന ജിഎൽപിഎസ്, പുത്തൻവേലിക്കര സെന്റ് ജോർജ് എച്ച്എസ്എസ് എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളാണു നിർത്തലാക്കിയത്.

ഇവിടങ്ങളിൽ താമസിച്ചിരുന്നവർ വീടുകളിലേക്കു മടങ്ങി. പെരിയാറിൽ ഒഴുക്ക് ഇപ്പോഴും കൂടുതലാണ്. എങ്കിലും കരകവിഞ്ഞുകയറിയ വെള്ളം പതിയെ ഇറങ്ങുന്നുണ്ട്. വെള്ളം ഇറങ്ങുന്ന സാഹചര്യമായതിനാൽ ഏതാനും ക്യാമ്പുകൾ കൂടി ഇന്നു നിർത്തലാക്കാനിടയുണ്ട്.

മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി ഇ. ചന്ദ്രശേഖരൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, കെ.വി. തോമസ് എംപി, വി.ഡി. സതീശൻ എംഎൽഎ, കളക്ടർ മുഹമ്മദ് സഫീറുള്ള, മുൻകളക്ടർ എം.ജി.രാജമാണിക്യം, നടന്മാരായ മമ്മൂട്ടി, സലിംകുമാർ തുടങ്ങിയവർ ദുരിതാശ്വാസ ക്യാംപുകൾ സന്ദർശിച്ചു.

## ആശ്വാസവാക്കുകളുമായി മമ്മൂട്ടിയും സലിംകുമാറും ക്യാമ്പുകളിൽ

**പറവൂർ:** വെള്ളപ്പൊക്കം മൂലം ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ആശ്വാസ വാക്കുകളുമായി നടന്മാരായ മമ്മൂട്ടിയും സലിംകുമാറും എത്തി. പുത്തൻവേലിക്കര പഞ്ചായത്തിലെ തേലതുരുത്തിലെ ദുരിതാശ്വാസ ക്യാമ്പായ കേരള ഓഡിറ്റോറിയത്തിൽ വെള്ളിയാഴ്ച രാത്രി 11 ഓടെയാണ് വി.ഡി. സതീശൻ എംഎൽഎയ്ക്കൊപ്പം മമ്മൂട്ടി എത്തിയത്.

താരത്തെ അടുത്ത് കിട്ടിയതോടെ ദുരിതത്തിന്റെ വേദനകൾ മറന്ന് സെൽഫിയെടുക്കാനും സംസാരിക്കാനും സ്ത്രീകളടക്കം തിരക്ക് കൂട്ടി. വിവരങ്ങൾ ചോദിച്ചറിഞ്ഞ മമ്മൂട്ടി നിങ്ങൾക്ക് സുമനസുകളായ എല്ലാവരുടെയും സഹായമുണ്ടാകുമെന്നും ആരും നിരാശരാകരുതെന്നും പറഞ്ഞു. തന്റെ ഭാഗത്തുനിന്നും എല്ലാ സഹായമുണ്ടാകുമെന്നും ഭരണാധികാരികളുമായി സംസാരിച്ചു സഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ ശ്രമിക്കുമെന്നും ഉറപ്പ് നൽകിയാണ് അദ്ദേഹം മടങ്ങിയത്.

തേലതുരുത്തിലെ ദുരിതാശ്വാസ ക്യാമ്പായ കേരള ഓഡിറ്റോറിയത്തിൽ എത്തിയ നടൻ മമ്മൂട്ടി. വി. ഡി. സതീശൻ എംഎൽഎ സമീപം.

നടൻ സലിംകുമാർ വി. ഡി. സതീശൻ എംഎൽഎ യോടൊപ്പം കരിമ്പാടം ഡിഡി സഭാ സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചപ്പോൾ.

ഗ്രാമപഞ്ചായത്ത് അംഗങ്ങളായ വി.എസ്. അനിക്കുട്ടൻ, കെ.എ. ബിജു, യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡന്റ് പ്രമോദ്, പറവൂർ താലൂക്ക് കാർഷിക ഗ്രാമവികസന ബാങ്ക് ഡയറക്ടർ ടി. എ. നവാസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ മമ്മൂട്ടിയെ സ്വീകരിച്ചു.

കേരള ഓഡിറ്റോറിയത്തിൽ 792 പേരാണുള്ളത്. തേലതുരുത്ത് ചാലാക്ക ഭാഗങ്ങളിൽ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് ബുദ്ധിമുട്ടിലായവരാണ് ഇവിടെയുള്ളത്.

ഇന്നലെ വൈകുന്നേരം അഞ്ചോടെയാണ് വി.ഡി. സതീശൻ എംഎൽ എയ്ക്കൊപ്പം സലിംകുമാർ പറവൂർ താലൂക്കിലെ വിവിധ ക്യാമ്പുകൾ സന്ദർശിച്ചത്.